അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കെ.ടി.ഡി.സിയിലെ ആവശ്യകതകൂടി കണക്കിലെടുത്തും മാനേജ്മെന്റ് ട്രെയിനികളായി നിയമിക്കാവുന്നതാണ്.

(ബി) നിലവിലുള്ള സംവിധാനത്തിൽ ഇപ്പോൾ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇപ്പോൾ കെ.ടി.ഡി.സിയിൽ അസിസ്റ്റന്റ് മാനേജർ എന്ന തസ്തികയ്ക്ക് പകരം മാനേജർ ഗ്രേഡ് 4 തസ്തികയാണുള്ളത്. ഈ തസ്തികയിൽ നിശ്ചിതയോഗ്യതയുള്ളവരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജികളിൽനിന്നും നേരിട്ട് കാമ്പസ് ടെസ്റ്റ്/ഇന്റർവ്യൂ വഴി നിയമനം നടത്തുന്നു.

165 (2480) **സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരാക്കിയ അഭിഭാഷകർക്ക് നൽകിയ തുക**

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡൽഹിയിലെ സീനിയർ അഭിഭാഷകരായ അശോക് ദേശായ്, കെ.കെ. വേണുഗോപാൽ, നരിമാൻ എന്നിവർ സംസ്ഥാന സർക്കാരിന് വേണ്ടി ഏതെല്ലാം കേസുകൾക്കായി കേരള ഹൈക്കോടതിയിലും സുപ്രീംകേടതിയിലും ഹാജരായിരുന്നു;

(ബി) ഓരോ അഭിഭാഷകർക്കും ഫീസിനത്തിൽ നൽകിയ തുക എത്ര;

(സി) ഓരോരുത്തർക്കും യാത്രാക്കൂലി, താമസം എന്നിവയ്ക്കായി എന്തുതുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇവർ ഓരോരുത്തരും ഹാജരായ കേസുകൾ ഏതെല്ലാമാണ്;

(ഇ) ഇവർക്കു പുറമേ ഡൽഹിയിലുള്ള ഏതെങ്കിലും അഭിഭാഷകർ കേരള ഹൈക്കോടതിയിലോ സുപ്രീംകോടതിയിലോ സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം കേസുകൾക്ക് വേണ്ടിയാണ്;

(ജി) ഇവർക്ക് ഓരോരുത്തർക്കും നൽകിയ തുക എത്ര;

<u>ഉത്തരം</u>

(എ)(ബി)&(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡൽഹിയിലെ സീനിയർ അഭിഭാഷകരായ സർവ്വശ്രീ അശോക് ദേശായ്, കെ. കെ. വേണുഗോപാൽ എന്നിവർ സംസ്ഥാന സർക്കാരിനുവേണ്ടി കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഹാജരായ കേസുകളെ സംബന്ധിച്ച വിശദവിവരം അനുബന്ധം 'എ' യിൽ ചേർത്തിട്ടുണ്ട്.† ശ്രീമാൻ എഫ്. എസ് നരിമാൻ ഇപ്പോഴത്തെ സർക്കാരിനുവേണ്ടി കേസ് വാദിച്ചിട്ടില്ല. ഓരോ അഭിഭാഷകനും ഫീസിനത്തിൽ നൽകിയിട്ടുള്ള തുക സംബന്ധിച്ച വിശദവി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വരം അനുബന്ധം 'എ' യിൽ ചേർത്തിട്ടുണ്ട്.† ശ്രീ അശോക് എച്ച്. ദേശായി കേരള ഹൈക്കോടതിയിൽ ഹാജരായി കേസ് വാദിച്ചതിന് ഫീസിനത്തിൽ പത്തുലക്ഷം രൂപയും യാത്രാപ്പടി, താമസം എന്നിവയ്ക്കായി 1,38,645 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇവർ ഓരോരുത്തരും ഹാജരായ കേസുകൾ സംബന്ധിച്ച വിവരം അനുബന്ധം 'എ'യിൽ ഉണ്ട്.†

(ഇ) ഉണ്ട്.

(എഫ്) ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 'ബി' യിൽ ചേർത്തിട്ടുണ്ട്.†

(ജി) തുകയുടെ വിവരം അനുബന്ധം 'ബി' യിൽ ചേർത്തിട്ടുണ്ട്.†

165 (2480) സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരാക്കിയ അഭിഭാഷകർക്ക് നൽകിയ തുക

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീനിയർ അഭിഭാഷകൻ ശ്രീ. ടി.പി. കേളുനമ്പ്യാർ സംസ്ഥാന സർക്കാരിനുവേണ്ടി കേരള ഹൈക്കോടതിയിൽ ഏതെല്ലാം കേസുകൾക്കുവേണ്ടി ഹാജരായിട്ടുണ്ട്;

(ബി) ഫീസിനത്തിൽ അദ്ദേഹത്തിന് നൽകിയ തുക എത്ര;

(സി) ലോകായുക്ത മുമ്പാകെ അദ്ദേഹം സംസ്ഥാന സർക്കാരിനു വേണ്ടിയോ, അഡ്വ.ജനറലിന് വേണ്ടിയോ ഹാജരായിട്ടുണ്ടോ;

(ഡി) ഈ ഇനത്തിൽ അദ്ദേഹത്തിന് എന്തു തുക ഫീസായി നൽകിയിട്ടുണ്ട്;

ഉത്തരം

(എ) സീനിയർ അഭിഭാഷകൻ ശ്രീ. ടി.പി. കേളുനമ്പ്യാർ സംസ്ഥാന സർക്കാരിനുവേണ്ടി സി.സി. 413/98-ാം നമ്പർ കേസിൽ കേരളാ ഹൈക്കോടതിയിൽ ഹാജരായിട്ടുണ്ട്.

(ബി) 55,000 രൂപയാണ് ഫീസിനത്തിൽ അനുവദിച്ചത്.

(സി) ലോകായുക്ത മുമ്പാകെ അദ്ദേഹം സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരായിട്ടില്ല. അഡ്വ.ജനറൽ ആയ ശ്രീ. എം.കെ. ദാമോദരൻ സ്വന്തം നിലയിൽ അദ്ദേഹത്തെ ഏർപ്പെടുത്തിയതായി മനസ്സിലാക്കുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly